**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4126** **18-07-2022 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻകാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 01.04.2013 മുതൽ കേരളത്തിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് 3 ബാധകമല്ലായെന്ന് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർവ്വീസിലിരിക്കെ അന്തരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരന്റെ മാതാപിതാക്കൾക്ക് മാസം 4000 രൂപാ വരുമാനം ഉള്ളതുകൊണ്ട് കെ.എസ്.ആർ പാർട്ട് 3 ചട്ടം 90(6A) പ്രകാരം ആശ്വാസ ധനസഹായം നൽകാൻ സാധിക്കില്ലെന്ന് ധനവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാരന് ബാധകമല്ലാത്ത KSR Part 3-ലെ ചട്ടങ്ങൾ പ്രകാരം പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരന്റെ പേരിലുള്ള ആശ്വാസ ധനസഹായം മാതാപിതാക്കൾക്ക് തടയുന്നതിന്റെ മാനദണ്ഡം എന്താണ്; | (സി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കെ.എസ്.ആർ. ഭാഗം III ലെ ചട്ടങ്ങൾ ബാധകമല്ല, എന്നിരുന്നാലും ഈ വിഭാഗത്തിന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ ചട്ടങ്ങൾ ഒന്നും നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ 31.08.2016 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 126/2016/ധന. ഉത്തരവ് പ്രകാരമാണ് ആശ്വാസ ധനസഹായം അനുവദിക്കുന്നത്. |
| (ഡി) | 26.12.2012-ലെ മന്ത്രിസഭ യോഗത്തിൽ, പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാരൻ സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ അവസാന ശമ്പളം ആശ്രിതർക്ക് നൽകുവാൻ അന്നത്തെ സർക്കാർ തീരുമാനം എടുത്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കേ മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതുവരെ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുക ലഭ്യമാക്കുന്നതിനുവേണ്ടി ആ തുകയിൽനിന്നും പെൻഷനു തുല്യമായ തുക കഴിച്ച് ബാക്കിവരുന്ന തുക ആശ്വാസമായി നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകുവാൻ 26.12.2012 -ലെ മന്ത്രിസഭ |

| | | | |
|---|---|---|---|
| | | | യോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾക്കായി ധനകാര്യ വകുപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 25.08.2016 - ലെ മന്ത്രിസഭാ തീരുമാനത്തിനനുസൃതമായി ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നത് വരെ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% -നു തുല്യമായ തുക ആശ്വാസ ധനസഹായം അനുവദിക്കാൻ തീരുമാനിക്കുകയും ആയത് പ്രകാരം സർക്കാർ 31.08.2016 -ലെ സ.ഉ.(അച്ചടി)നം.126/2016/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ